പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1285 — 6-03-2018 ലെ മറുപടിക്ക്

## തരിശു രഹിത പഞ്ചായത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര ഏക്കർ തരിശു നിലം കൃഷിയോഗ്യമാക്കി എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹരിതകേരളം മിഷൻ നിലവിൽ വരുന്നതിനുമുമ്പായും, ഹരിതകേരളം മിഷൻ നിലവിൽ വന്നശേഷം കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള ഉപമിഷനായ സുജലം സുഫലം ഉപമിഷന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി നെൽ കൃഷിയ്ക്ക് യോഗ്യമാക്കിയ തരിശ് ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | കൃഷിയോഗ്യമാക്കിയ തരിശ് ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 229.71 |
| 2. | കൊല്ലം | 1191.08 |
| 3. | പത്തനംതിട്ട | 1661.42 |
| 4. | ആലപ്പുഴ | 2295.00 |
| 5. | കോട്ടയം | 2428.30 |
| 6. | ഇടുക്കി | 154.42 |

| | | |
|---|---|---|
| 7. | എറണാകുളം | 1667.91 |
| 8. | തൃശ്ശൂർ | 3331.72 |
| 9. | പാലക്കാട് | 412.84 |
| 10. | മലപ്പുറം | 2055.01 |
| 11. | കോഴിക്കോട് | 1996.36 |
| 12. | വയനാട് | 676.90 |
| 13. | കണ്ണൂർ | 1783.52 |
| 14. | കാസർഗോഡ് | 537.89 |
| | ആകെ | 20422.08 ഏക്കർ |

| | |
|---|---|
| (ബി) 'തരിശു രഹിത പഞ്ചായത്ത്'' എന്ന ആശയം ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ; | (ബി) ഹരിത കേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് പരമാവധി തരിശു ഭൂമിയിൽ കൃഷിയിറക്കുക എന്നതാണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഓരോ വികസന ബ്ലോക്കിലും ചുരുങ്ങിയത് ഒരു പഞ്ചായത്തെങ്കിലും 'തരിശ് രഹിത പഞ്ചായത്ത്'' ആയി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരുന്നു. |
| (സി) എങ്കിൽ ആദ്യഘട്ടത്തിൽ ഇതിലേക്കായി എത്ര പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) സംസ്ഥാനത്തൊട്ടാകെ 152 ഗ്രാമപഞ്ചായത്തുകളെ ങ്കിലും തരിശു രഹിത പഞ്ചായത്തുകളായി ആദ്യ ഘട്ടത്തിൽ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വുരുന്നു. |

അണ്ടർ സെക്രട്ടറി